അവൻ പിഴപ്പിക്കാൻ ഉദ്ദേശിച്ച ജനങ്ങൾ അത് നല്ലതായി കാണുന്നതു വരെ അവൻ ജനങ്ങളിലേക്ക് മറ്റൊന്നുമായും ചെന്നതേ ഇല്ല....ജനങ്ങൾ പ്രതിമകൾക്കരികിൽ കൂടി കടന്നുപോകുമ്പോൾ അവർ ഓർക്കപ്പെടാനും ജനങ്ങൾ അവരെപ്പോലെ ആകാനും ആഗ്രഹിക്കും, ഇന്നു പ്രധാന ചത്വരങ്ങളിൽ പ്രതിമകൾ സ്ഥാപിക്കുന്നതിന്നായി ന്യായം പറയുന്നതു പോലെ, ജനങ്ങൾ ഇവരെയും ഇവരുടെ സൽ പ്രവർത്തികളേയും ഓർക്കത്തക്കവിധം അവരുടെ ഭവനങ്ങൾക്കിടയിൽ ഇവരെ മറവു ചെയ്യാൻ പിശാച് ഇവരോട് നിർദ്ദേശിച്ചു. ആ തലമുറ കഴിഞ്ഞു അടുത്ത തലമുറ വന്നപ്പോൾ 'മഴയും വെള്ളപ്പൊക്കവും വന്നാൽ ഈ ഖബറുകൾ ഒലിച്ച് പോകുമെന്നും ആയതിനാൽ കുറച്ചുകൂടി ബഹുമാന്യമായ സ്ഥലത്തേക്കവ മാറ്റണമെന്നും അവിടെ അവരുടെ പ്രതിമകൾ നിർമ്മിക്കണമെന്നും പിശാചവരോട് നിർദ്ദേശിച്ചു. ഇങ്ങനെ അവർ തിരിച്ചറിയപ്പെടാത്ത നിലയിൽ പിശാചവരെ പതിയെപ്പതിയെ തിന്മയിലേക്ക് നയിച്ചു. അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ അനുകരിക്കുക എന്ന കാഴ്ചപ്പാടിൽ, കൈ കൊണ്ടു നിർമ്മിച്ച ചിത്രവും ക്യാമറ കൊണ്ടു നിർമ്മിച്ച ചിത്രവും തമ്മിൽ എന്താണ് വ്യത്യാസം? ഹദീസിൽ ചിത്രങ്ങൾ നിരോധിക്കാനുള്ള ആദ്യകാരണമായി പറഞ്ഞത് അതാണല്ലോ- അപകടത്തിലേക്ക് എത്തിക്കുന്ന എല്ലാ മാർഗ്ഗവും അടക്കുക എന്ന കാഴ്ചപ്പാടിൽ. അപകടകരമായ ചിത്രങ്ങൾ- അത് ധാർമ്മികത തകർക്കുന്ന തരത്തിലുള്ളതാകട്ടെ, പിന്നീട് അല്ലാഹുവിന്റെ മഹത്വത്തിലേക്ക് ഉയർത്തപ്പെടുമെന്ന് നാം ഭയക്കുന്നതാകട്ടെ, അവയൊന്നും തന്നെ കൈകൊണ്ടെടുത്തതെന്നോ ക്യാമറ കൊണ്ടെടുത്തതെന്നോ വ്യത്യാസം ഇല്ല.

എന്നാൽ ചിലർക്ക് ക്യാമറ കൊണ്ടെടുത്ത ചിത്രങ്ങളിൽ അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ അനുകരിക്കുന്നത് അനുഭവപ്പെടുന്നില്ല, എന്നാൽ ഞാൻ പറയട്ടെ, അതിൽ അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ അനുകരിക്കൽ കുറച്ചു കൂടുതലാണ്. അതെന്തുകൊണ്ടെന്നാൽ, താങ്കൾ ഒരു വിദഗ്ദനായ കലാകാരനു മുന്നിൽ ഒരാളെ ഇരുത്തി അയാളുടെ ചിത്രം വരപ്പിച്ചാൽ, അയാൾ എത്ര നിരീക്ഷണ പാടവം ഉള്ള ആളാണെങ്കിലും- അയാളുടെ കണ്ണുകൾക്ക് പ്രാപിക്കാൻ കഴിഞ്ഞ എല്ലാം വരച്ചാലും - അയാളുടെ ദൃഷ്ടി എത്താത്ത ഒരു മുടിനാരിഴയെങ്കിലും വരക്കാതെ ബാക്കി ഉണ്ടായിരിക്കും. അതാചിത്രത്തിൽ വരാത്ത വിധം ഒഴിവാക്കപ്പെട്ടിട്ടുണ്ടായിരിക്കും. ഏന്നാൽ ഫോട്ടോഗ്രാഫിയെ സംബന്ധിച്ചിടത്തോളം, അതിൽ നിന്നും ഒന്നും ഒഴിവാക്കപ്പെടുകയില്ല. അല്ലാഹു ഒരു വ്യക്തിയെ എങ്ങനെയാണോ സൃഷ്ടിച്ചത് അപ്രകാരം തന്നെ ക്യാമറയും പകർത്തിയിട്ടുണ്ടാകും. ക്യാമറയുടെ നിർമ്മാണത്തിനും അതിന്റെ പ്രവർത്തനത്തിനും പിന്നിൽ മനുഷ്യകരങ്ങളാണ് ഉള്ളതെന്നിരിക്കെ, ഇതു അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ അനുകരിക്കുകയല്ല ചെയ്യുന്നതെന്ന് എങ്ങനെ പറയാൻ കഴിയും? നിങ്ങൾ ഈ ചിത്രത്തിലേക്കും ക്യാമറ കൊണ്ടെടുത്ത ചിത്രത്തിലേക്കും നോക്കുകയാണെങ്കിൽ അവതമ്മിൽ വളരെ വലിയ വ്യത്യാസം കാണാൻ കഴിയും. ഇതിൽ ഏതിനായിരിക്കും യാഥാർത്ഥ്യത്തോട് കൂടുതൽ സാമ്യതയും കൃത്യതയും? ക്യാമറ കൊണ്ടെടുത്തതോ പെയിന്റ് ചെയ്തതോ? സുബ്ഹാനല്ലാഹ് ഇവിടെ അല്ലാഹുവിന്റെ സൃഷ്ടിപ്പിനോടുള്ള അനുകരണം വളരെക്കൂടുതലാണ്. ആയതിനാൽ ക്യാമറയും അത് കൊണ്ടെടുക്കുന്ന ചിത്രങ്ങളും കൈ കൊണ്ട് വരക്കുന്ന ചിത്രങ്ങളെക്കാൾ വളരെ അപകടകരമാണ്. പ്രത്യേകിച്ചും ക്യാമറ ഉപയോഗിച്ച് ചുരുങ്ങിയ സമയത്തിനുള്ളിൽ ധാരാളം ചിത്രങ്ങൾ എടുക്കാം എന്നിരിക്കെ, അതേസമയം ഒരു കലാകാരൻ ഒരു ചിത്രം വരക്കണമെങ്കിൽ രാവും പകലും ചിലവിടണം.

**“ഒരാൾ കണ്ണാടിയിൽ നോക്കുകയാണെങ്കിൽ അയാളുടെ പ്രതിബിംബം അതിൽ തെളിയുന്നു. അയാൾ ആ പ്രതിരൂപത്തിലേക്ക് നോക്കിയാൽ അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ അനുകരിക്കൽ ആകുമോ?**


“പ്രതിരൂപം പകർത്താനും അതിനു സ്ഥിരമായ ഒരു രൂപം നൽകാനും കഴിയുമെങ്കിൽ (ഒരു ഫിലിം പോലെ) അപ്പോൾ നാമതിനെയും ഒരു ചിത്രമെന്നു പറയും. കണ്ണാടിയിൽ കാണുന്ന പ്രതിബിംബത്തിന്റെ വിഷയത്തിൽ, ഇതു ശരിയായ താരതമ്യപ്പെടുത്തലല്ല. ഈ പ്രതിബിംബം സ്ഥിരതയുള്ളതുമല്ല. ടെലിവിഷനിലും വീഡിയോയിലും കാണുന്ന ചിത്രങ്ങളും കണ്ണാടിയിൽ കാണുന്ന പ്രതിബിംബവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചാണ്, അവ തമ്മിൽ വളരെയധികം വ്യത്യാസങ്ങൾ ഉണ്ട്, കണ്ണാടിയുടെ മുന്നിൽ പോയതിനു ശേഷം തിരിച്ചുവന്ന് കണ്ണാടിയിൽ കണ്ട പ്രതിബിംബം എനിക്കൊന്നു തരൂ എന്നു പറഞ്ഞാൽ നിങ്ങൾക്കതിനു സാധിക്കുകയില്ല. എന്നാൽ അതൊരു സ്ഥിരതയാർന്ന രൂപം കൈവരിച്ചാൽ അപ്പോൾ അതൊരു വീഡിയോ പോലെയാവുകയും നിഷിദ്ധമാകുകയും ചെയ്യും.
അതിനു സ്ഥിരതയാർന്ന രൂപം കൈവരിക്കുന്നതോടെ അതപകടം വരുത്തും.
സ്ഥിര രൂപം കൈവരാത്തിടത്തോളം അതപകടമല്ല.”
(അബൂ മുഹമ്മദ് അബ്ദുൽ റഊഫ് ശാക്കിർ ക്രോഡീകരിച്ച 'ദ ഇസ്ലാമിക് റൂളിങ്ങ് കൺസേർണിങ്ങ് തസ്‌വീർ' എന്ന ഗ്രന്ഥത്തിൽ നിന്നും എടുത്തത്)

## ഉപകരണങ്ങൾ ഉപയോഗിച്ചുള്ള ഫോട്ടോഗ്രഫിയെക്കുറിച്ച് ശൈഖ് ഉഥൈമീൻ رحمه الله

**“തീർച്ചയായും ഞാൻ ഫോട്ടോ എടുക്കുന്നതിനെ അനുവദിച്ചിട്ടില്ല.** അതായത്, മനുഷ്യനും ആത്മാവുള്ളവയുടെ ചിത്രം ലൈസൻസ്, പൗരത്വം, യാഥാർത്ഥ്യം സ്ഥിരപ്പെടുത്തുന്ന കാര്യങ്ങളെ പോലുള്ള ആവശ്യമോ നിർബന്ധിതാവസ്ഥയോ ഉണ്ടായാലൊഴികെ. ഓർത്തുവെക്കാൻ വേണ്ടി വല്ല ചിത്രവും എടുത്തു വെച്ചവരുണ്ട് എങ്കിൽ അത് നശിപ്പിച്ചു കളയാൻ ഞാൻ കൽപിക്കുന്നു. മരിച്ചു പോയ ഒരാളുടേതാണെങ്കിൽ ഞാൻ അതി കഠിനമായിട്ടാണ് അത് പറയുന്നത്. ആത്മാവുള്ളവയുടെ **ചിത്രമെടുക്കൽ അത് മനുഷ്യനാണെങ്കിലും അല്ലാത്തതാണെങ്കിലും അത് ഹറാം ആണെന്നതിൽ സംശയമില്ല. അത് വൻ പാപത്തിൽ പെട്ടതാണ്.** അത് ശരീരമുള്ള ബിംബമാണെങ്കിലോ, കൈ കൊണ്ട് വരച്ചതാണെങ്കിലോ അത് വളരെ വ്യക്തമാണ്.എന്നാൽ ഇന്നുള്ള ഓട്ടോമാറ്റിക് ആയ മെഷീൻ കൊണ്ടുള്ളവ, കൈ കൊണ്ട് വരക്കുന്നതിലോ, ശരീരം രൂപപ്പെടുത്തുന്നതിലോ പോലെ അവയിൽ ഫോട്ടോ എടുക്കുന്നവൻ ഒരു പ്രവർത്തിയും ചെയ്യാതെ മെഷീൻ മാത്രം പ്രവർത്തിക്കുന്നതാണെങ്കിലും, അത് ഓർത്തു വെക്കാനോ മറ്റോ എടുത്തതാണെങ്കിൽ അത് ഇസ്ലാമിൽ അനുവദിക്കപ്പെട്ടിട്ടില്ലാത്ത ആവശ്യങ്ങളാണ്.” (മജ്മൂഉ് ഫതാവ വോള്യം 2,പേജ് 287,288)

**“പൂർണമായും തങ്ങളുടെ ഹവയുടെ കൂടെ പോകുന്ന ആളുകൾ. ഫോട്ടോ എടുക്കൽ ഹറാമോ ഹലാലോ എന്നത് അവർക്കൊരു വിഷയമേ അല്ല. മറിച്ച് അവരെ എതിർക്കുന്ന ആളുകളെ എതിർക്കാൻ വേണ്ടി ആശയക്കുഴപ്പമുണ്ടാക്കുന്ന ദുർന്യായങ്ങളും, ഉലമാക്കൾക്കിടയിലെ അഭിപ്രായ വ്യത്യാസങ്ങളും അവർ എടുത്തു കൊണ്ട് വരും. അവർ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അല്ലാഹു അറിയുന്നുണ്ട്.”**

**–ശൈഖ് അബ്ദുറഹ്മാൻ ബിൻ നാസ്വിർ അൽ ബറാക്ക്** حفظه الله
(ശൈഖ് ഉഥൈമീന്റെ ഫോട്ടോഗ്രഫിയെക്കുറിച്ചുള്ള ഫത്‌വയുടെ വിശദീകരണം)



# റൂഹുള്ളവയുടെ ചിത്രം നിർമിക്കുന്ന ഒരു മുസ്‌ലിം മനസ്സിലാക്കാൻ

# ഫോട്ടോഗ്രാഫി

WWW.KITHABUTHOUHEED.COM



"പരമകാരുണ്ണികനും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ."

**എങ്ങും 'സെൽഫി' മയമാണ്!**
ചിലർ ഉറക്കമുണരുന്നത് തന്നെ ഇന്ന് എത്ര ഫോട്ടോകൾ
സോഷ്യൽ മീഡിയകളിൽ ഷെയർ ചെയ്യാം എന്നാലോചിച്ച് കൊണ്ടാണ്.
പല്ലുതേപ്പും കുളിയും മുതൽ അവസാനം ഹജ്ജും ഉംറയും വരെ
'സെൽഫി' ഇല്ലാത നടക്കില്ല എന്നാണു സ്ഥിതി.
ഫോട്ടോഗ്രാഫി ഒരു ലഹരിയായി യുവതലമുറയെ കടന്നു പിടിച്ചിരിക്കുന്നു.
**റൂഹുള്ളവയുടെ ചിത്രനിർമാണം ഇസ്‌ലാമിൽ ഒരു വൻ പാപമാണ്!**
ഈ ഉമ്മത്തിലെ തിൻമ വിരോധിക്കേണ്ടവർ, അങ്ങനെ അവകാശപ്പെടുന്നവർ,
അവരിതിൽ മുങ്ങിക്കുളിച്ചിരിക്കുകയാണ്.
ചിലർക്ക് നേതാക്കൻമാരുടെ കട്ടൗട്ടുകൾ നാടുനീളെ വെക്കലാണെങ്കിൽ
ചിലർക്ക് നേതാക്കൻമാരുടെയും പരിപാടികളുടെയും ഫോട്ടോ പത്രത്തിൽ അച്ചടിച്ച്
വന്നില്ലെങ്കിൽ ദഅ്‌വത്ത് തന്നെ മുടങ്ങുമത്രെ! വേറെ ചിലർ നടിമാരുടെ ഫോട്ടോകളും
'സെൽഫി' മത്സരങ്ങളുമായി അനുദിനം മുസ്‌ലിംകളെ വഴിതെറ്റിക്കുന്നു.
ഈ പേക്കൂത്തുകളെല്ലാം നടക്കുന്നതോ, ഇസ്‌ലാമിന്റെ ചിലവിലും!

**റൂഹുള്ളവയുടെ ഫോട്ടോ ഹറാമാണെന്നതിനുള്ള തെളിവുകൾ**

അബ്ദുല്ല﵁ പറയുന്നു: നബി ﷺ പറഞ്ഞു: "പരലോകത്ത് ജനങ്ങളിൽ
**കൂടുതൽ ശിക്ഷ** അനുഭവിക്കപ്പെടുന്നവരാണ് (റൂഹുള്ളവയുടെ) **ചിത്രം നിർമ്മിക്കുന്നവർ."**
(ബുഖാരി. 7.72.834)

ആയിശ﵂ നിവേദനം: ഞാൻ ചിത്രങ്ങൾ ഉള്ള ഒരുതലയിണ വിലക്ക് വാങ്ങി.
നബിﷺ വീട്ടിൽ പ്രവേശിക്കാതെ വാതിന്മേൽ ഇരുന്നു. ഞാൻ പറഞ്ഞു:
ഞാൻ അല്ലാഹുവിനോട് പാപമോചനം തേടുന്നു. എന്തു തെറ്റാണ് ഞാൻ ചെയ്തത്?
നബിﷺ അരുളി: ഈ തലയിണ തന്നെ. ഞാൻ പറഞ്ഞു: പ്രവാചകരേ! താങ്കൾക്ക് ഇരിക്കാനും
തല വെയ്ക്കുവാനും വേണ്ടി ഞാൻ വാങ്ങിയതാണിത്. നബിﷺ അരുളി:
**തീർച്ചയായും ഈ ചിത്രങ്ങൾ നിർമ്മിക്കുന്നവർ പരലോകത്ത് ശിക്ഷിക്കപ്പെടും.**
**അവരോട് പറയും. നിങ്ങൾ വരച്ചതിനെ ജീവിപ്പിക്കുവീൻ,**
തീർച്ചയായും മലക്കുകൾ ചിത്രമുള്ള വീടുകളിൽ പ്രവേശിക്കുകയില്ല.
(ബുഖാരി. 7.72.840)

ഔൻ ഇബ്നു അബു ജുഹൈഫ﵁ നിവേദനം: "...**തസ്‌വീർ** (ആത്മാവുള്ളവയുടെ ഫോട്ടാ,
രൂപങ്ങൾ) നിർമ്മിക്കുന്നവനെ നബിﷺ **ശപിച്ചിരിക്കുന്നു."**
(ബുഖാരി. 3.34.299)

"അന്ത്യനാളിൽ നരകത്തിൽ നിന്ന് ഒരു കഴുത്ത് പുറത്തുവരും,
അതിന് രണ്ട് കണ്ണുകളുണ്ട്. അവ കാണും. അതിന് രണ്ട് കാതുകളുണ്ട് അവ കേൾക്കും.
സംസാരിക്കുന്ന നാവുമുണ്ട്. നരകം പറയും: മൂന്നു കൂട്ടരെ (ശിക്ഷിക്കുവാൻ) ഞാൻ
ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. എല്ലാ ധിക്കാരികളായ അഹങ്കാരികളേയും,
അല്ലാഹുവോടൊപ്പം മറ്റൊരു ആരാധ്യനെ ദുആയിരക്കുന്നവരേയും,
**മുസവ്വിരീങ്ങളെയും** (ആത്മാവുള്ളവയുടെ ഫോട്ടോ/രൂപങ്ങൾ നിർമിക്കുന്നവർ)."
(സുനനുത്തുർമുദി 2:95) (അഹ്മദ് 2:336)

അല്ലാഹുവിന്റെ ദൂതൻﷺ അരുളി: **"ചിത്രമുണ്ടാക്കുന്ന എല്ലാവരും നരകത്തീയിലായിരിക്കും.**
അവരുണ്ടാക്കിയ ഓരോ ചിത്രത്തിനും ഓരോ ആത്മാവു കൊടുക്കപ്പെടുകയും അതവനെ
നരകത്തീയിൽ ശിക്ഷിച്ചുകൊണ്ടേയിരിക്കും."
(മുസ്‌ലിം:24:5272)

അബൂസുർഅ﵁ പറയുന്നു:
അബൂഹുറൈറ ﵁ യുടെ കൂടെ മദീനയിലെ ഒരു വീട്ടിൽ ഞാൻ കയറി.
അപ്പോൾ ചുമരിന് മുകളിൽ ഒരാൾ ചിത്രം വരക്കുന്നത് അദ്ദേഹം കണ്ടു.
ഉടനെ അബൂഹുറൈറ﵁ പറഞ്ഞു: നബിﷺ അരുളിയതു ഞാൻ കേട്ടിട്ടുണ്ട്. അല്ലാഹു
പറഞ്ഞിരിക്കുന്നു: ഞാൻ സൃഷ്ടിക്കും പോലെ സൃഷ്ടിക്കുവാൻ മുതിരുന്നവനേക്കാൾ
അക്രമി ആരുണ്ട്?. അവർക്ക് കഴിവുണ്ടെങ്കിൽ ഒരു ധാന്യമണി സൃഷ്ടിക്കട്ടെ.
വേണ്ട ഒരണുവെങ്കിലും സൃഷ്ടിക്കട്ടെ..." (ബുഖാരി.7.72.837)

**ഫോട്ടോഗ്രാഫി ചിത്ര നിർമാണമല്ല എന്നു പറയുന്നവർക്ക്**
**ശൈഖ് നാസ്വിറുദ്ധീൻ അൽ അൽബാനി ؒ മറുപടി പറയുന്നു.**

"ഇതു നേരത്തേ തന്നെ നമ്മുടെ ഗവേഷണത്തിനു വിധേയമായ വിഷയമാണ്.
കൈകൊണ്ടുണ്ടാക്കിയ ചിത്രം പോലെയല്ല ഒരു ക്യാമറ കൊണ്ടെടുത്ത ചിത്രം,
എന്നൊരു വീക്ഷണം സുന്നത്തിന്റെ ആളുകൾ തന്നെ ഇന്നു ധാരാളമായി
വെച്ചുപുലർത്തുന്നുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം കൈകൊണ്ട് വരച്ച ചിത്രവും
ക്യാമറ കൊണ്ടെടുത്ത ചിത്രവും തമ്മിൽ വ്യത്യാസം കൽപ്പിക്കുന്നവർ സമകാലീന ളാഹിരി
കാഴ്ചപ്പാടുള്ളവരാണ്. കാരണം ആ പദത്തിനപ്പുറം അവർ ചിന്തിക്കുന്നില്ല,
കൈകൊണ്ട് വരച്ച ചിത്രവും ക്യാമറ കൊണ്ടെടുത്ത ചിത്രവും തമ്മിൽ വ്യത്യാസം
കൽപ്പിക്കുന്നവർ ഒരു ഫിത്ന ആയി തീർന്നിട്ടുണ്ട്. എന്നാൽ നമ്മൾ എന്തു ചെയ്യും?
ഇവർ പിഴച്ചിരിക്കുക തന്നെയാണെന്ന് നാം പറയും. ഈ ആളുകൾ ഖുർആനിൽ നിന്നും
സുന്നത്തിൽ നിന്നും പുറത്ത് പോയിരിക്കുകയാണ്. എന്തുകൊണ്ടെന്നാൽ,
ക്യാമറ കൊണ്ടെടുക്കുന്നത് കൈകൊണ്ട് വരക്കുന്നത് പോലെത്തന്നെ
ചിത്രം തന്നെ എന്നിരിക്കെ, ഇവർ കൈകൊണ്ട് വരച്ച ചിത്രവും ക്യാമറ
കൊണ്ടെടുത്ത ചിത്രവും തമ്മിൽ വ്യത്യാസം കൽപ്പിച്ചിരിക്കുന്നു.
എന്നാൽ സ്വന്തമായിട്ട് ഒരു ചിത്രമെടുക്കാൻ അവർ ക്യാമറയെ വിടട്ടെ.
നിങ്ങളുടെ കൈ ഉപയോഗിച്ചല്ലാതെ ഒന്നിന്റെയും ചിത്രമെടുക്കാൻ നിങ്ങൾക്ക് കഴിയുകയില്ല.
ഏതിന്റെ ചിത്രമാണോ എടുക്കാൻ ഉദ്ദേശിക്കുന്നത് അതിനു നേരെ ക്യാമറ
തിരിച്ചുവെക്കേണ്ടത് ഫോട്ടോഗ്രാഫർക്ക് ആവശ്യമാണ്. അവസാനം,
ചിത്രം എടുക്കുന്നതിന്നായി ക്യാമറയുടെ ബട്ടൺ അമർത്തുകയും വേണം.
ആയതിനാൽ ഇതും കൈ മുഖേന എടുക്കുന്ന ചിത്രം തന്നെയാണ്.
ഈ വിഷയത്തിൽ കൃത്യസ്ഥലത്ത് നിന്നും വ്യതിചലിച്ചവരിൽ ചിലരോട് ഞാനിത്
നേരത്തേതന്നെ പറഞ്ഞിട്ടുള്ളതാണ്. നമ്മൾ കണ്ടതുപോലെ, ഞാൻ പറഞ്ഞു-
നിങ്ങൾ ചിത്രങ്ങൾക്കിടയിൽ വ്യത്യാസം കൽപ്പിച്ചു, നിങ്ങൾ പറഞ്ഞു;
ഈ ചിത്രം നിഷിദ്ധമാണ്, കാരണം ഇതു കൈ- പെൻസിൽ, പേന അല്ലെങ്കിൽ
പെയിന്റ്- കൊണ്ട് വരച്ചതാണ്. ഈ ചിത്രം അനുവദനീയമാണ്,
കാരണം ഇതു ക്യാമറ കൊണ്ടെടുത്തതാണ്, സത്യത്തിൽ അവയെല്ലാം ഒന്നാണ്.

അവർ സ്വയം അവകാശപ്പെടുന്നതു പോലെ കലാകാരന്മാർ എന്നു വിളിക്കപ്പെടുന്നവർ,
അവരിൽ ഒരാൾ ഒരു പ്രതിമ/വിഗ്രഹം ഉണ്ടാക്കുവാൻ തുടങ്ങുകയാണെങ്കിൽ ദിവസങ്ങളോ,
മാസങ്ങളോ എടുത്തേക്കാം. ഇപ്പോൾ ഒരു ബട്ടൺ അമർത്തിയാൽ ഈ പ്രതിമകൾ ധാരാളം
പുനരുൽപ്പാദിപ്പിക്കാൻ കഴിയും, കുറ്റമറ്റ നിലയിൽ ഒന്നിനു പുറമേ ഒന്നായി അവ പുറത്തേക്ക്
വരും. ഇതിനെക്കുറിച്ച് എന്താണ് നിന്റെ കാഴ്ചപ്പാട്? ഇതനുവദനീയമാണോ?
ബട്ടൺ അമർത്തിയാൽ ചിത്രം പുറത്തേക്ക് വരുന്ന അവസ്ഥയിലേക്ക് ക്യാമറ എങ്ങനെ
എത്തി? ഈ അവസ്ഥയിൽ ക്യാമറ എത്തിയത് സ്വപ്നത്തിലാണോ അതോ അതിനു പിന്നിൽ
പണിയെടുത്തിട്ടാണോ? അതിനു പിന്നിൽ മനുഷ്യകരങ്ങൾ പ്രവർത്തിച്ചതുകൊണ്ടാണ് അത്
ഈ നിലവാരത്തിലെത്തിയത്. അതുകൊണ്ടാണ് ഞാനിവരെ സമകാലീന ളാഹിരികൾ എന്നു
പറഞ്ഞത്. അവർ പറയും: "പ്രവാചകൻ ﷺ കെട്ടിനിൽക്കുന്ന ജലത്തിൽ മൂത്രമൊഴിക്കുന്നത്
നിരോധിച്ചിട്ടുണ്ട്. അതിലേക്ക് നേരിട്ട് മൂത്രമൊഴിക്കുന്നതാണ് നിരോധിച്ചത്, എന്നാൽ
ആരെങ്കിലും ഒരു പാത്രത്തിലേക്ക് മൂത്രമൊഴിച്ചതിനു ശേഷം, പിന്നീടു പാത്രത്തിൽ നിന്നും
കെട്ടിനിൽക്കുന്ന വെള്ളത്തിലേക്ക് അത് ഒഴിച്ചാൽ അത് അനുവദനീയമണ്."
എന്തുകൊണ്ടെന്നാൽ, ഭാഷാപരമായി ഹദീസിന്റെ വാചകത്തിൽ ഉള്ളത് കെട്ടി നിൽക്കുന്ന
വെള്ളത്തിൽ മൂത്രമൊഴിക്കരുതെന്നാണ്. അതിനാൽ ഇത് പരിഗണിക്കുകയില്ല.
അയാൾ മൂത്രമൊഴിച്ചതാകട്ടെ ഒഴിഞ്ഞ ഒരു പാത്രത്തിലാണ്. അതുകൊണ്ടു
അയാൾ ജലാശയത്തിൽ മൂത്രമൊഴിച്ചതായി (വാചകത്തിന്റെ അർഥം നോക്കുന്നവർ)
പരിഗണിക്കുകയില്ല. ആയതിനാൽ അയാൾ ഒരൊഴിഞ്ഞ പാത്രത്തിലേക്ക് മൂത്രമൊഴിച്ചെങ്കിൽ
അയാൾ ആദ്യം കാലിയായതും പിന്നീട് മൂത്രം കൊണ്ടു നിറഞ്ഞതുമായ ആ പാത്രത്തിൽ
നിന്നും അത് ഒഴിവാക്കി- അയാൾ കെട്ടിക്കിടക്കുന്ന വെള്ളത്തിലാണ് അതു ഒഴിച്ചതെങ്കിലും
ളാഹിരികൾ അതനുവദനീയമാണെന്നു പറയും. മനുഷ്യന്റെ ബുദ്ധിയെക്കുറിച്ചെനിക്കൽഭുതം
തോന്നുന്നു, നേരിട്ട് വെള്ളത്തിലേക്ക് മൂത്രമൊഴിച്ച ആളും പാത്രത്തിൽ പിടിച്ചൊഴിച്ച
ആളും തമ്മിലെന്താണ് വ്യത്യാസം? മഴവെള്ളം കെട്ടിക്കിടക്കുന്ന ഒരു കുളത്തിലേക്ക്
മൂത്രമൊഴിക്കുന്നത് എന്താണ് വ്യത്യാസം ? അവർ പറഞ്ഞു, അതനുവദനീയമല്ല.
കാരണം അത് കെട്ടിക്കിടക്കുന്ന ജലമാണ്.........
ഇതിനെ ഒരു അരുവിയുമായിട്ട് ബന്ധിപ്പിച്ചാലെന്താണ് വ്യത്യാസം, അരുവിയിലെ
ശുദ്ധജലത്തിലേക്ക് ഒരുപൈപ്പ് ലൈൻ വഴി മൂത്രം വന്നുകൊണ്ടിരിക്കുന്നു.
ഇവ രണ്ടും തമ്മിലെന്താണ് വ്യത്യാസം? ഇതു വെറുമൊരു അടഞ്ഞ ചിന്തയാകുന്നു.
ഇത് ഇപ്പോഴുള്ളതു മാത്രമല്ല, ഇതു പണ്ടേകഴിഞ്ഞു പോയ തരത്തിലുള്ള ചിന്താഗതിയാണ്.

നമ്മൾ ചിന്തിക്കുന്നതു പോലെ മുഅ്തസിലികളും അവരുടെ വഴിപിഴവുകളുമെല്ലാം
പോയി എന്നു നാം വിചാരിച്ചിരിക്കെ പെട്ടന്നതാ ഒരു ദിവസം അവരെ നാം കാണുന്നു ,
മറ്റൊരു പേരിൽ. അതു പോലെയാണിത്. നാം വിചാരിച്ചു ഖവാരിജുകളും കഴിഞ്ഞെന്ന്,
ഇവിടെ പെട്ടെന്നതാ വീണ്ടും അവർ, അതും ഖുർആനിന്റേയും സുന്നത്തിന്റേയും പേരിൽ,
ഇതും അതുപോലെയാണ് ഇവിടെ ക്യാമറയുടെ വിഷയത്തിൽ, നമ്മൾ ശ്രദ്ധിക്കേണ്ട ചിലതുണ്ട്.
എല്ലാത്തിലുമാദ്യം അതു രൂപകൽപ്പന ചെയ്തതും നിർമ്മിച്ചതുമെല്ലാം
കൈകൊണ്ടാണെന്നതാണ്, ഒന്നല്ല, ധാരാളം കൈകൾ. ഇന്ന് നിലവിലുള്ള
അവസ്ഥയിലെത്താൻ, അതിന്റെ പുരോഗതിക്ക് പിന്നിൽ എന്ത് മാത്രം ജനങ്ങൾ
പ്രവർത്തിച്ചിട്ടുണ്ടാവും. ആദ്യകാലത്തുള്ള ക്യാമറ നീ കണ്ടിട്ടുണ്ടാകും, ഒരു ചിത്രം
രൂപപ്പെടുത്താൻ അതു വ്യത്യസ്ഥമായ ലായനികളിൽ കുതിർത്ത്, പ്രതിബിംബം
തെളിഞ്ഞുവരാൻ അതുമായി പണികൾ ചെയ്യുമായിരുന്നു. ഇപ്പോൾ ബട്ടൺ അമർത്തുന്ന
ജോലിയേ ബാക്കി ഉള്ളൂ, വളരെ കൃത്യമായി ആളുടെ ചിത്രം പുറത്തേക്ക് വരുന്നു.
എന്നാൽ നമ്മൾ എന്തുകൊണ്ടു ചിത്രത്തിലേക്ക് നോക്കാതെ അത് എടുത്ത
ഉപകരണത്തിലേക്ക് നോക്കുന്നു?
**കൈകൊണ്ടു വരച്ചതും ക്യാമറ കൊണ്ടെടുത്തതുമായ സ്ത്രീയുടെ ഓരേ നഗ്നചിത്രങ്ങൾ.**
**ഇവ കൊണ്ടുള്ള ഉപദ്രവത്തിൽ എന്താണ് വ്യത്യാസം? ഒട്ടും വ്യത്യാസമില്ല!**
ഈ രണ്ടു ചിത്രങ്ങളും ഉണ്ടാക്കുന്ന ഫലം ഒന്നായിരിക്കെ പിന്നെന്തിനാണ് ബൗദ്ധിക
മർക്കട മുഷ്ടിയും ഇടുങ്ങിയ ചിന്താഗതിയുമായി ഈ ചിത്രം നിഷിദ്ധമാണ്, കാരണം ഇതു
കൈ- പെൻസിൽ, പേന അല്ലെങ്കിൽ പെയിന്റ്- കൊണ്ട് വരച്ചതാണ്, എന്നാൽ ഈ ചിത്രം
അനുവദനീയമാണ്, കാരണം ഇതു ക്യാമറ കൊണ്ടെടുത്തതാണ്, എന്നൊക്കെപ്പറയുന്നത്?

"നിശ്ചല ചിത്രവും ടെലിവിഷനിലെ ചലിക്കുന്ന ചിത്രവും തമ്മിൽ നാം ഒരു വ്യത്യാസവും
കാണുന്നില്ല. പ്രധാനമായും, അല്ലാഹു ഏതൊരു കാര്യവും നിഷിദ്ധമാക്കിയിട്ടുള്ളത്
അതിനു പിന്നിലൊരു ദോഷം ഉള്ളത് കൊണ്ടാണ് എന്നാണ് നാം വിശ്വസിക്കുന്നത്.
ജനങ്ങളിൽ ചിലർക്ക് ആ ദോഷം സ്പഷ്ടവും വ്യക്തവുമായി കാണാൻ കഴിയും, ചിലർക്കത്
മറഞ്ഞിരിക്കും. അതിനാൽ നാം അർത്ഥമാക്കുന്നത്, ഒരു നിയമത്തിനു പിന്നിലുള്ള യുക്തി
വ്യക്തമായാലും ഇല്ലെങ്കിലും ഇസ്ലാമിന്റെ വിധികൾക്ക് കീഴ്പ്പെടേണ്ടത് ഓരോ മുസ്ലിമിനും
ബാധ്യതയാണ് എന്നാണ്. ചിത്രങ്ങൾ വിലക്കപ്പെട്ടിരിക്കുന്നു! അവ എന്തുകൊണ്ടു
വിലക്കപ്പെട്ടിരിക്കുന്നു? ചില ഹദീസുകളിൽ അതിനുള്ള കാരണം വ്യക്തമായും
പരാമർശിക്കപ്പെട്ടിരിക്കുന്നു. ഇതു അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ അനുകരിക്കാനുള്ള ഒരു
ശ്രമമാണ്. ചില പണ്ഡിതന്മാർ മറ്റൊരു കാരണമായി പറഞ്ഞത് മുൻ കഴിഞ്ഞ ചില
സമുദായങ്ങളുടെ വഴിപിഴവിനു കാരണമായിത്തീർന്നത് ഇതായിരുന്നു എന്നാണ്.
ആയതിനാൽ ചിത്രങ്ങൾ വിലക്കപ്പെട്ടതിനു പിന്നിൽ രണ്ടു കാരണങ്ങൾ ഉണ്ടെന്ന് നമുക്ക്
പറയാൻ കഴിയും. ആദ്യത്തേത് അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ അനുകരിക്കാനുള്ള ശ്രമം,
രണ്ടാമത്തേത് ഭാവിയിൽ ഇത് ജനങ്ങളെ തൗഹീദിൽ നിന്നും തെറ്റിക്കും, എന്നിരിക്കെ
അതിന്റെ വാതിൽ അടക്കേണ്ടതുണ്ട് ഇതു നൂഹ് നബിؑന്റേയും അദ്ദേഹത്തിന്റെ
ജനതയുടേയും ചരിത്രം പരാമർശിച്ചപ്പോൾ അല്ലാഹു പറഞ്ഞിട്ടുണ്ട്. അല്ലാഹുവിനെ മാത്രം
ആരാധിക്കുന്നതിലേക്ക് അദ്ദേഹം അവരെ ക്ഷണിച്ചപ്പോൾ അവർ പറഞ്ഞു:
**"അവർ പറഞ്ഞു: (ജനങ്ങളേ,) നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്.**
**വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്ർ എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്.**
**അങ്ങനെ അവർ വളരെയധികം ആളുകളെ വഴിപിഴപ്പിച്ചു."** (നൂഹ് 71:23,24)

ഇമാം ബുഹാരിയും, ഇബ്നു ജരീറുതബരിയും മറ്റുള്ളവരും ഇബ്നു അബ്ബാസ്﵁
വിൽനിന്നും ഉദ്ധരിക്കുന്നത്, ഈ അഞ്ചാളുകളും അല്ലാഹുവിന്റെ സച്ചരിതരായ
അടിമകളായിരുന്നു എന്നതാണ്. പിന്നീട് ശപിക്കപ്പെട്ടവനായ പിശാച് അവരുടെ
പ്രവർത്തനങ്ങൾ അവർക്ക് നന്നാക്കി തോന്നിച്ചു, മരണപ്പെടുന്ന ജനങ്ങളെ സദാ മറമാടുന്ന
സ്ഥലത്ത് ഇവരെ മറമാടുന്നതിനു പകരം അവരുടെ ഭവനങ്ങൾക്കിടയിൽ ഇവരെ മറവു
ചെയ്തതാണ് ആദ്യമായി പിശാചവർക്ക് നന്നായി തോന്നിച്ചത്. നേർമാർഗത്തിൽ നിന്നും
ജനങ്ങളെ തെറ്റിക്കുന്നതിന്നായി ഈ തിന്മയെ ജനങ്ങൾക്കവൻ നന്നായി തോന്നിച്ചു.